# INSTITUTE OF HUMAN RESOURCES DEVELOPMENT
# PRAJOE TOWERS, VAZHUTHACAUD
# THIRUVANANTHAPURAM

*No.DB1/14176/2016/HRD* *Dated:10.04.2017*

**CIRCULAR**

*Sub: - Inclusion of IHRD institution for getting eligible for Higher Education Scholarship – reg*

*Ref:- Email dated 04/04/2017 from Kerala State Higher Education Council*

The Government of Kerala issued orders treating all institution under IHRD on par with Government/Aided colleges for specific purposes. Hence the students in IHRD managed institution are eligible for all student scholarship including those administered by Higher Education Council. In this position IHRD requested Higher Education Council to consider the students of IHRD managed Colleges also for granting Higher Education Scholarships. Now the Kerala State Higher Education Council has forwarded the press release for the inclusion of IHRD managed institution for Higher Education scholarship 2016-17..

A copy of the same with nofication is also attached here under and the Principals' of CAS are directed to do the needful so that all eligible students can apply for the scholarship within the specified time.

Principals can get login credentials for the college from Sri.Sreeraj.R, System Analyst, IHRD HQ over phone (8547001531 ext-252)

*Sd/-*
*Dr.P. Suresh Kumar*
*DIRECTOR*

To,

1. All heads of institutions(CAS'S) (publishing in IHRD website)
2. Sri.Sreeraj.R, System Analyst ,IHRD HQ
3. S.F/O.C

Approved for issue,

Deputy Director

# കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

ശാസ്ത്ര സാങ്കേതിക മ്യൂസിയം ക്യാമ്പസ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം - 695 033
വെബ്സൈറ്റ്: www.kshec.kerala.gov.in, ഫോൺ: 0471-2301290, 91/92/93/97/98/99 ഫാക്സ്: 0471-2301290.
ഇ-മെയിൽ: heckerala@gmail.com


## പത്രക്കുറിപ്പ്

## ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് ഐ.എച്ച്.ആർ.ഡി വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ 2016-17 അക്കാദമിക വർഷത്തേയ്ക്ക് നൽകുന്ന ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കുള്ള ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിന് ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള അപ്ളൈഡ് സയൻസ് കോളേജുകളിൽ ഒന്നാം വർഷം ബിരുദ തലത്തിൽ സയൻസ്, സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീസ്, ബിസിനസ്സ് സ്റ്റഡീസ് വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. (പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അർഹരല്ല). ഓൺലൈൻ രജിസ്ട്രേഷനും വിശദ വിവരങ്ങൾക്കും കൗൺസിൽ വെബ്സൈറ്റ് (www.kshec.kerala.gov.in) സന്ദർശിക്കുക. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **30.04.2017.**

തിരുവനന്തപുരം
01-4-2017

**രജിസ്ട്രാർ**

# കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

**No.66A/KSHEC/Schol.Admin./2016-17** **25-03-2017**

## വിജ്ഞാപനം

കേരളത്തിലെ സർവ്വകലാശാലകളോട് അഫിലിയേറ്റു ചെയ്തിട്ടുള്ള സർക്കാർ/ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലും വിവിധ സർവ്വകലാശാല പഠന വിഭാഗങ്ങളിലും ബിരുദ കോഴ്സുകളിൽ 2016-17 അധ്യേയനവർഷം ഒന്നാം വർഷ എയ്ഡഡ് പ്രോഗ്രാമുകളിലേയ്ക്ക് പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽനിന്നും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണത്തിനുവേണ്ടി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

അപേക്ഷകൾ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വെബ്സൈറ്റ് ആയ www.kshec.kerala.gov.in ൽ Scholarship/Higher Education Scholarship എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് **2017 മാർച്ച് 27 മുതൽ 2017 ഏപ്രിൽ 30** വരെ ഓൺലൈനായി സമർപ്പിക്കാം.

**<u>യോഗ്യത</u>**

**ആർക്കെല്ലാം അപേക്ഷിക്കാം ?**

ബിരുദതലത്തിൽ സയൻസ്, സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീസ്, ബിസിനസ് സ്റ്റഡീസ് വിഷയങ്ങളിൽ കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലോ, യൂണിവേഴ്സിറ്റി പഠന വിഭാഗങ്ങളിലോ, എയ്ഡഡ് നോൺ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന ഇന്ത്യൻ പൗരന്മാരായ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾ മാത്രം.

**മിനിമം യോഗ്യതാ മാനദണ്ഡം**

പ്ലസ്ടു അഥവാ തത്തുല്യ പരീക്ഷയ്ക്ക് ലഭിച്ച മാർക്ക് അടിസ്ഥാനമാക്കി.

**എസ്.ടി** - പാസ്സ്

**എസ്.സി** :

- സയൻസ്, ഹ്യുമാനിറ്റീസ് & സോഷ്യൽ സയൻസ് വിഷയങ്ങൾക്ക് - 55 %
- ബിസിനസ്സ് സ്റ്റഡീസ് വിഷയങ്ങൾക്ക് - 60 %

**ഫിസിക്കലി ചലഞ്ച്ഡ്** :

- എല്ലാ സ്ട്രീമുകൾക്കും - 45 %

**ബി.പി.എൽ, ഒ.ബി.സി :**

- സയൻസ് വിഷയങ്ങൾക്ക് - 60 %
- ഹ്യുമാനിറ്റീസ് & സോഷ്യൽ സയൻസ് വിഷയങ്ങൾക്ക് - 55 %
- ബിസിനസ്സ് സ്റ്റഡീസ് വിഷയങ്ങൾക്ക് - 65 %

**മറ്റുള്ളവർ :**

- സയൻസ് & ബിസിനസ്സ് സ്റ്റഡീസ് വിഷയങ്ങൾക്ക് - 75%
- ഹ്യുമാനിറ്റീസ് & സോഷ്യൽ സയൻസ് വിഷയങ്ങൾക്ക് - 60 %

**സ്കോളർഷിപ്പ് തുക** *(സ്കോളർഷിപ്പ് നിരക്കുകൾ പുനർ നിർണ്ണയിക്കപ്പെടാൻ സാധ്യതയുണ്ട്.)*

**ബിരുദ പഠനത്തിന്**

ഒന്നാം വർഷം - 12,000/- രൂപ

രണ്ടാം വർഷം - 18,000/- രൂപ

മൂന്നാം വർഷം - 24,000/- രൂപ

**ബിരുദാനന്തര ബിരുദതലത്തിൽ തുടർ പഠനത്തിന്**

ഒന്നാം വർഷം - 40,000/- രൂപ

രണ്ടാം വർഷം - 60,000/- രൂപ

40 ശതമാനമോ അതിനു മുകളിലോ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് തുകയുടെ 25% അധികമായി നൽകുന്നു.

**വിവിധ വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പുകൾ:**

- എസ്.സി./എസ്.ടി - 10%
- ബി.പി.എൽ - 10%
- ഒ.ബി.സി - 27%
- ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ - 3%
- പൊതുവിഭാഗം - 50%

**ബന്ധപ്പെട്ട മറ്റുവിവരങ്ങൾ**

1. ഈ അദ്ധ്യായന വർഷം (2016-17) 1000 അപേക്ഷകർക്കാണ് സ്കോളർഷിപ്പുകൾ അനുവദിക്കുന്നത്.
2. അപേക്ഷകർക്ക് താഴെപ്പറയുന്ന ഏതെങ്കിലും നാഷണലൈസ്ഡ്/ഷെഡ്യൂൾ ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. (SBI, UBI, SBT, SIB, Federal Bank, Canara Bank, Indian Bank etc.)

3. ഓരോ സർവ്വകലാശാലകളിലും, ഓരോ സ്ട്രീമിലും അനുവദിച്ചിട്ടുള്ള ആകെ സീറ്റുകൾക്ക് ആനുപാതികമായിട്ടായിരിക്കും സ്കോളർഷിപ്പ് അനുവദിക്കുന്നത്.
4. ഫീസ് ആനുകൂല്യം ഒഴികെ മറ്റേതെങ്കിലും തരത്തിലുള്ള സ്കോളർഷിപ്പുകളോ സ്റ്റൈപ്പന്റുകളോ കൈപ്പറ്റുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല. (പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു ലഭിക്കുന്ന ലംപ്സംഗ്രാന്റിനേയും കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് നൽകുന്ന ഹിന്ദി സ്കോളർഷിപ്പിനേയും ഈ നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.)

**<u>അപേക്ഷിക്കേണ്ട രീതി</u>**

1. വിദ്യാർത്ഥികൾ അപേക്ഷകൾ ഓൺലൈനായി **2017 മാർച്ച് 27 മുതൽ 2017 ഏപ്രിൽ 30** വരെ സമർപ്പിക്കാവുന്നതാണ്. ഇതിനായി www.kshec.kerala.gov.in എന്ന വെബ്സൈറ്റിലെ Scholarship/Higher Education Scholarship എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. HE Scholarship (2016-17) ൽ Online Registration, Verification and Approval (Fresh) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
3. Online Registration - ൽ ക്ലിക്ക് ചെയ്യുക.
4. മറ്റേതെങ്കിലും സ്കോളർഷിപ്പുകൾക്കായി DCE സ്കോളർഷിപ്പ് സൈറ്റിൽ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് Applicant login ചെയ്തതിനുശേഷം 'Edit Applicant Details' – ൽ ലഭിക്കുന്ന രജിസ്ട്രേഷൻ ഫോമിൽ നിർദ്ദിഷ്ഠ കോളങ്ങൾ (8. Scholarship details) പൂരിപ്പിച്ച് 'submit'ചെയ്യുക.
   (Applicant Login ന് ആവശ്യമായ രജിസ്ട്രേഷൻ Id, പാസ്സ് വേർഡ് എന്നിവ നഷ്ടപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിലെ സ്കോളർഷിപ്പ് നോഡൽ ഓഫീസറെ ബന്ധപ്പെടുക).
5. അല്ലെങ്കിൽ, തുടർന്നു ലഭിക്കുന്ന പേജിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകി submit ചെയ്യുക.
6. ചുവന്ന നക്ഷത്ര ചിഹ്നം നൽകിയിട്ടുള്ള കോളങ്ങളിലെ വിവരങ്ങൾ നിർബന്ധമായും നൽകിയിരിക്കേണ്ടതാണ്.
7. വിജയകരമായി അപേക്ഷാ സമർപ്പണം പൂർത്തിയാക്കിയാൽ ലഭിക്കുന്ന പേജിൽ Higher Education Scholarship എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് എടുക്കുക. അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന രജിസ്ട്രേഷൻ ID യും പാസ്വേർഡും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.
8. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് ഭാഗം 15 ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

**(സമർപ്പിക്കുന്ന രേഖകളുടെ ഒരു പകർപ്പ് വിദ്യാർത്ഥികൾ കൈവശം സൂക്ഷിക്കേണ്ടതാണ്.)**

9. വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ടും ഓൺലൈൻ മുഖേന സ്ഥാപന മേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ സൂക്ഷമമായിപരിശോധിക്കേണ്ടതാണ്. (verification)

10. പരിശോധന നടത്തി അർഹരായിട്ടുള്ളവരുടെ അപേക്ഷകൾ സ്ഥാപന മേധാവി ഓൺലൈൻ മുഖേന അംഗീകരിച്ചിരിക്കണം. (Approval)

11. സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ അതാതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. പ്രൊവിഷണൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം കൗൺസിൽ നിശ്ചയിക്കുന്ന സമയ പരിധിക്കുള്ളിൽ അതിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളുടെ അപേക്ഷാ ഫോമുകളുടെ പ്രിന്റ് ഔട്ടുകളും അനുബന്ധ രേഖകളും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഓഫീസിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

12. സാധ്യതാ ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷം അതിൽ ഉൾപ്പെട്ടിട്ടുള്ള 1000 വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ചപ്പോൾ ലഭിച്ച രജിസ്ട്രേഷൻ ID യും പാസ്‌വേർഡും ഉപയോഗിച്ച് Applicant Login വഴി Registration Step II നിർബന്ധമായും ചെയ്യേണ്ടതാണ്. ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷം ലിസ്റ്റിനെ സംബന്ധിച്ചു ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**<u>സ്ഥാപന മേധാവി കൗൺസിലിൽ സമർപ്പിക്കേണ്ട രേഖകൾ</u>**

1. സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥിയുടെ, പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിച്ച (വിദ്യാർത്ഥിയുടെയും പ്രിൻസിപ്പാളിന്റെയും ഒപ്പിട്ടത്) ഒറിജിനൽ അപേക്ഷാ ഫാറം.

2. പ്രസ്തുത വിദ്യാർത്ഥിയുടെ പൗരത്വം, പ്രായം, ജനനതീയതി എന്നിവ തെളിയിക്കുന്നതിലേയ്ക്കായി SSLC സർട്ടിഫിക്കറ്റിന്റെ പ്രിൻസിപ്പാൾ/ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (SSLC യ്ക്ക് തത്തുല്യമായ പരീക്ഷ ജയിച്ച വിദ്യാർത്ഥികൾ, വില്ലേജ് ഓഫീസറിൽ നിന്നും ലഭിച്ച നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ പ്രിൻസിപ്പൽ / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം.) മാതൃക കൗൺസിലിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. SSLC/തത്തുല്യ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പ്രിൻസിപ്പൽ / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

4. പ്ലസ് ടു/ തത്തുല്യ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പ്രിൻസിപ്പാൾ / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

5. പ്രസ്തുത വിദ്യാർത്ഥിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിന്റെ ഒന്നാം പേജിന്റെ പ്രിൻസിപ്പൽ / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

**(വിദ്യാർത്ഥിയുടെ പേര്, അക്കൗണ്ട് നമ്പർ, കോഡ്, വിലാസം എന്നിവ വ്യക്തമായിരിക്കണം.)**

6. ബി.പി.എൽ വിഭാഗത്തിൽപെടുന്ന അപേക്ഷകർ, അവർ ആ വിഭാഗത്തിൽപെട്ടതാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പ്രിൻസിപ്പാൾ / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്. (പഞ്ചായത്ത് സെക്രട്ടറി/ മുൻസിപ്പൽ സെക്രട്ടറി/ കോർപ്പറേഷൻ സെക്രട്ടറി/ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവരിൽ ആരിൽ നിന്നെങ്കിലും ലഭ്യമായിട്ടുള്ള സർട്ടിഫിക്കറ്റ്.
7. ശാരീരിക വെല്ലുവിളികൾ നേരിടുന്ന അപേക്ഷകർ, 40% ത്തിലധികം അംഗവൈകല്യം ഉണ്ടെന്ന് ഒരു ഗവൺമെന്റ് മെഡിക്കൽ ബോർഡ് നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പ്രിൻസിപ്പാൾ/ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.
8. എസ്.സി/എസ്.ടി/ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പെടുന്ന അപേക്ഷകർ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ അല്ലെങ്കിൽ തഹസിൽദാർ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. (മാതൃക കൗൺസിലിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.)
9. ഒ.ബി.സി വിഭാഗത്തിൽപെടുന്ന അപേക്ഷകർ, വാർഷിക കുടുംബ വരുമാനം 6,00,000/- രൂപയിൽ താഴെയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്.

**<u>അവസാന തീയതികൾ</u>**

1. ഓൺലൈൻ മുഖേന വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **2017 ഏപ്രിൽ 30.**
2. രജിസ്ട്രേഷൻ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും വിദ്യാർത്ഥികൾ സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി **2017 മേയ് 4.**
3. സ്ഥാപന മേധാവികൾ ഓൺലൈൻ മുഖേന Verification ഉം Approval ഉം പൂർത്തിയാക്കേണ്ട അവസാന തീയതി **2017 മേയ് 7.**

അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയും പൂർണവും ആണെന്ന് അപേക്ഷകർ ഉറപ്പുവരുത്തേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ അവ പരിശോധിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരും സ്ഥാപനമേധാവികളും വീണ്ടും പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. **(തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതായിരിക്കും.)**

**Sd/-**
**രജിസ്ട്രാർ**